MR. A. NARAYANA PILLAI (*Vaikam*) : ഇവരുടെ പരിശോധനാറിപ്പോർട്ടുവച്ചുംകൊണ്ടാണൊ മേൽനോട്ടം വഹിക്കുന്നത്?

MR. K. GEORGE (*Chief Secretary to Government*) : അറിഞ്ഞുക്കൂടാ.

MR. A. NARAYANA PILLAI (*Vaikam*) : ഇൻസ്പെക്ടസ്സിന്റെ പരിശോധനാറിപ്പോട്ടുക്കൂടാതെ ഡയറക്ടർ സ്ഥലം സന്ദർശിക്കുന്നതുകൊണ്ടു വല്ല വിശേഷവും ഉണ്ടൊ?

MR. K. GEORGE (*Chief Secretary to Government*) : പല വിശേഷങ്ങളും ഉണ്ട്; കീഴ്ദ്യോഗസ്ഥന്മാരുടെ വീഴ്ചകളുംമറും കണ്ടുപിടിച്ചു ശരിപ്പെടുത്താൻ സാധിക്കും.

MR. A. NARAYANA PILLAI (*Vaikam*) : ഡിപ്പാർട്ടുമെൻറു മേധാവിയായി ഇങ്ങനെ ഒരാൾ ഉണ്ടെന്നു ജനങ്ങളെ മനസ്സിലാക്കുന്നതിനുവേണ്ടിയാണൊ ഡയറക്ടർ സ്ഥലം സന്ദർശിക്കുന്നത്?

MR. K. GEORGE (*Chief Secretary to Government*) : ഡയറക്ടരുടെ സന്ദർശനത്തിൽ കീഴ്ദ്യോഗസ്ഥന്മാരുടെപല വീഴ്ചകളും കണ്ടുപിടിക്കാൻ സാധിക്കുമെന്നു ഞാൻ പറഞ്ഞുകഴിഞ്ഞല്ലൊ.

MR. A. NARAYANA PILLAI (*Vaikam*) : അതിലേക്കു പരിശോധനാധികാരികളുടെ റിപ്പോർട്ടുമാത്രം പോരെ?

MR. K. GEORGE (*Chief Secretary to Government*) : ഡയറക്ടർ സ്ഥലം സന്ദർശിക്കുകയാണെങ്കിൽ നേരിട്ടതന്നെ അദ്ദേഹത്തിനു കീഴ്ദ്യോഗസ്ഥന്മാരുടെ വീഴ്ചകൾ കാണാൻ സാധിക്കും.

MR. A. NARAYANA PILLAI (*Vaikam*) : ഡയറക്ടർ മുന്നറിവുകൊടുത്തു കൊടുക്കാതെയൊസ്ഥലം സന്ദർശിക്കുന്നത്?

MR. K. GEORGE (*Chief Secretary to Government*) : അതു നിശ്ചയമില്ല; രണ്ടുപ്രകാരത്തിലും ചെയ്യാം.

MR. A. NARAYANA PILLAI (*Vaikam*) : ഡയറക്ടർ അദ്ദേഹത്തിന്റെ സന്ദർശനത്തിൽ വീഴ്ചക്കാരെകണ്ടുപിടിച്ചിട്ടുണ്ടൊ?

MR. K. GEORGE (*Chief Secretary to Government*) : കണ്ടുപിടിച്ചുകാണും; ഗവണ്മെൻറിന് അതിനെസംബന്ധിച്ചു റിപ്പോർട്ടുകൾഒന്നും കിട്ടിയിട്ടില്ല.

Statement, by caste, of the officers in the Excise Department.

233 MR. P. S. MAHOMED (*Nominated*) Will the Government be pleased to lay on the table :

LIBRARY ARCHIVES Kerala Legislative Assembly